പാഠപുസ്തകങ്ങളിൽ ഒളിയജണ്ട

സംവാദം




മുജീബുർറഹ്മാൻ കിനാലൂർ

(ഐ.എസ്.എം സംസ്ഥാന പ്രസിഡന്റ്)


# മതമില്ലാത്ത പാഠപുസ്തകം ജീവനില്ലാത്ത മതേതരത്വം

ഏഴാം ക്ലാസിലെ വിവാദ സാമൂഹികശാസ്ത്രത്തിന്റെ മൗലികമായ പ്രശ്നം, ഇന്ത്യൻ സെക്യുലരിസത്തെ സംബന്ധിച്ച തെറ്റായ ധാരണ വളർത്തുന്നതാണവയിലെ പാഠഭാഗങ്ങൾ എന്നതാണ്. മതം ഒരനാവശ്യവും പ്രശ്നവുമാണെന്ന തെറ്റായ പാഠമാണ് അതിന്റെ സാകല്യം. പരിഷ്കൃത സമൂഹത്തിന് അപവാദമാണ് മതമെന്നും പുരോഗമനത്തിന്റെ ലക്ഷണം മതരാഹിത്യമാണെന്നും അതിന്റെ വരികൾക്കിടയിൽ വായിക്കാം.

**ഇന്ത്യൻ** ഭരണഘടന മതേതരത്വത്തെ വിഭാവന ചെയ്യുന്നതും മാർക്സിസ്റ്റ് പാർട്ടി മതേതരത്വത്തെ വിഭാവന ചെയ്യുന്നതും ഒരേ പോലെയാണോ? ഇപ്പോൾ കേരളത്തിൽ ചൂടുപിടിച്ച പാഠപുസ്തകവിവാദത്തിന്റെ മർമം ഈ ചോദ്യത്തിലാണുള്ളത്. ഈ സുപ്രധാന ചോദ്യം വേണ്ടവിധം ഉയർത്തുന്നതിനു പകരം ഏഴാം തരം 'സാമൂഹ്യപാഠം' പുസ്തകത്തിലെ ചില ഉദ്ധരണികളിലേക്ക് വിവാദത്തെ ന്യൂനീകരിക്കാനാണ് ശ്രമം നടന്നത്.

### മതേതരത്വം ഇന്ത്യയിൽ

'സെക്യൂലറിസം' എന്ന പദം ഭരണഘടനയിൽ വളരെ വൈകിയാണ് എഴുതിച്ചേർക്കപ്പെട്ടത്; 1976-ൽ. എന്നാൽ ഭരണഘടന നിലവിൽ വരുന്നതിനു മുമ്പുതന്നെ മതേതരത്വം എന്ന ആശയം രാജ്യത്ത് നിലവിലുണ്ടായിരുന്നു. സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ ദൈവവിശ്വാസം നിലനിൽക്കുന്ന മണ്ണാണ് ഭാരതത്തിന്റേത്. അനേകം മതങ്ങളുടെ ജന്മഭൂമിയും സംഗമവേദിയുമാണ് ഈ രാജ്യം. ഭാരതത്തിന്റെ മൗലികമായ എല്ലാ ജ്ഞാനമീമാംസകളുടെയും ശാസ്ത്രങ്ങളുടെയും കലയുടെയും സാഹിത്യേതിഹാസങ്ങളുടെയുമെല്ലാം പ്രഭവസ്രോതസ്സ് മതമായിരുന്നു. ഭാരതത്തിൽ നിലനിന്ന ദൈവ-മതസങ്കൽപത്തിനോ വിശ്വാസസമ്പ്രദായങ്ങൾക്കോ ഏകീകൃത രൂപമുണ്ടായിരുന്നില്ലെങ്കിൽ കൂടി, വൈവിധ്യ പൂർണമായ ആധ്യാത്മിക പരിസരം അവക്ക് പൊതുവായുണ്ടായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ഇസ്‌ലാം, ജൂത, ക്രൈസ്തവ മതങ്ങളും വളരെ നേരത്തെതന്നെ ഇന്ത്യയിലെത്തിയിരുന്നു. അതുകൊണ്ടുതന്നെ, ഭാരതത്തിന്റെ ചരിത്ര നിർമിതിയിൽ ആധ്യാത്മികതയുടെ പാരമ്പര്യമാണ് പ്രകടമായ സ്വാധീനം ചെലുത്തിയത്. രാജ്യത്ത് പലപ്പോഴായി നടന്ന വൈദേശിക വിരുദ്ധ സമരങ്ങളുടെയും സാമൂഹിക നവോത്ഥാനത്തിന്റെയും ഊർജ സ്രോതസ്സായിത്തീർന്നതും മതങ്ങൾ തന്നെ. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രം ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്.



**വിജ്ഞാനത്തെ ഒരു നിർമിതിയും ഉൽപന്നവുമായി അഭിവീക്ഷിക്കുന്ന തികച്ചും ഭൗതികവും യാന്ത്രികവുമായ ദാർശനിക പരിപ്രേക്ഷ്യത്തിലുള്ള വിമർശനാത്മക പഠനരീതി, വിജ്ഞാനത്തിന് ആത്മീയമായ ചില മാനങ്ങൾ കൂടിയുണ്ടെന്ന് ദർശിക്കുന്ന ഭാരതത്തിന്റെ വിദ്യാഭ്യാസ സംസ്കാരവുമായി പൊരുത്തപ്പെടുന്നില്ല. അങ്ങനെ പൊരുത്തപ്പെടുത്താൻ ശ്രമിക്കുന്നവർ, കേരളം റഷ്യയോ ക്യൂബയോ ആയി മാറിയിട്ടുണ്ടെന്ന് തെറ്റിദ്ധരിച്ചവരാണ്!**

### മതേതരത്വം: ഗാന്ധിമാർഗം

ഇന്ത്യയുടെ ആധ്യാത്മിക പാരമ്പര്യത്തിന്റെയും മതദർശനങ്ങളുടെയും സവിശേഷതകളെ സൂക്ഷ്മമായി വിലയിരുത്തി, രാഷ്ട്ര നിർമാണത്തിന്റെ അസംസ്കൃത വസ്തുവായി അതിനെ ഉപയോഗിക്കാൻ ശ്രമിച്ച മഹാനാണ് മഹാത്മാഗാന്ധി. ഇന്ത്യയിലെ മതങ്ങളുടെ വൈവിധ്യത്തെ ദേശീയ പ്രസ്ഥാനത്തിനും ദേശീയോദ്ഗ്രഥനത്തിനുമുള്ള മികച്ച മുതൽക്കൂട്ടായാണ് അദ്ദേഹം ദർശിച്ചത്. സ്വന്തം ജീവിതത്തിൽ ഒരു മതം കണിശമായി പിന്തുടർന്നുകൊണ്ട് തന്നെ പൊതുജീവിതത്തിൽ മതനിഷ്പക്ഷത പുലർത്തി അദ്ദേഹം മാതൃക കാട്ടി. ഹിന്ദുരാഷ്ട്ര വാദവും പാകിസ്താൻ വാദവും ശക്തിയാർജിച്ചപ്പോഴും ഗാന്ധിജി തന്റെ ആദർശത്തിൽ വിട്ടുവീഴ്ച ചെയ്യാൻ സന്നദ്ധനായില്ല. രാജ്യം വിഭജിക്കപ്പെട്ട് വർഗീയ കലാപങ്ങൾ കൊടുമ്പിരിക്കൊണ്ടപ്പോഴും വിഭജനാനന്തര ഇന്ത്യ ഒരു മതരാഷ്ട്രമായിരിക്കരുതെന്ന് ഏറെ നിർബന്ധം പിടിച്ചത് ആ മഹാത്മാവായിരുന്നു. അതിന് അദ്ദേഹത്തിന് നൽകേണ്ടിവന്നത് സ്വന്തം ജീവനും. മതങ്ങളിൽ അന്തർഭവിച്ച നന്മയും ഉന്നത മൂല്യങ്ങളും മാനവികതയും സ്വാംശീകരിച്ച മൂല്യബോധവും സദാചാരവുമായിരിക്കണം രാഷ്ട്രീയത്തിന്റെ ആധാരമെന്ന് ജീവിതം കൊണ്ട് അടയാളപ്പെടുത്തിയ ഗാന്ധിജിയാണ് ഇന്ത്യൻ മതേതരത്വത്തിന്റെ പ്രതീകമെന്നു വിശേഷിപ്പിച്ചാൽ അത് തെറ്റാവില്ല. ഭരണഘടനാശിൽപികളിൽ മതേതരത്വത്തെ സംബന്ധിച്ച കാഴ്ചപ്പാട് രൂപപ്പെട്ടത്, മുകളിൽ വിശദീകരിച്ച സുദീർഘമായ ഇന്ത്യൻ അനുഭവങ്ങളിൽ നിന്നാണ്. അതുകൊണ്ടു തന്നെയാണ് ഭരണഘടനയിൽ ആ വാക്കുപയോഗിക്കാതിരുന്നിട്ടും ആദ്യകാലത്ത് രാജ്യത്തിന്റെ മതേതരത്വത്തിന് പ്രത്യേകിച്ചൊന്നും സംഭവിക്കാതിരുന്നതും.

### മതം അടിവസ്ത്രമോ?

ഇന്ത്യക്കുപുറത്ത് ലോകരാജ്യങ്ങളിൽ 'സെക്യുലറിസം' എന്ന ശബ്ദം നൽകുന്ന അർഥ വിവക്ഷകളിൽ നിന്ന് തീർത്തും വ്യത്യസ്തമാണ് ഇന്ത്യയിൽ അതെന്നു വ്യക്തം. സെക്യുലറിസം എന്ന ആശയം ജന്മം കൊണ്ട മധ്യകാല യൂറോപ്പിലെ ഇരുണ്ട ചരിത്ര പശ്ചാത്തലത്തിൽ നിന്ന് ഏറെ ഭിന്നമാണ് ഇന്ത്യയിൽ അതിന്റെ പശ്ചാത്തലം. യൂറോപ്പിൽ ക്രൈസ്തവ മതം വിജ്ഞാനങ്ങളുടെയും ശാസ്ത്രത്തിന്റെയും സാമാന്യ യുക്തിബോധത്തിന്റെയും ശത്രുപക്ഷത്തു നിൽക്കുകയായിരുന്നു. ഭൂമി ഉരുണ്ടതാണെന്നു പറഞ്ഞ ശാസ്ത്രജ്ഞനെ ചുട്ടുകൊല്ലുകയും തത്വചിന്തകരെ കൂട്ടത്തോടെ തടവിലിടുകയും ചെയ്ത ആ യുഗത്തിൽ പുരോഹിത മതാധ്യക്ഷതയിലുള്ള ഭരണാധികാരികളിൽ നിന്ന് രാഷ്ട്രത്തെ സ്വതന്ത്രമാക്കുകയായിരുന്നു സെക്യുലറിസത്തിന്റെ ലക്ഷ്യം. ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും നൽകി ഭാഗം വെച്ച് പിരിഞ്ഞതിന്റെ പേരാണ് ലോകചരിത്രത്തിൽ സെക്യുലറിസം. അതുകൊണ്ടുതന്നെ യൂറോപ്യൻ സെക്യുലറിസം, മതം അടിവസ്ത്രംപോലെ സ്വകാര്യമായിരിക്കണമെന്ന് ശഠിക്കുന്നു. പൊതുവിദ്യാലയങ്ങളിൽ നിന്നും സാമൂഹിക വ്യവഹാരങ്ങളിൽ നിന്നും അത് മതത്തെ പുറത്താക്കി പടിയടച്ചു. എന്നാൽ ഇന്ത്യയിലാകട്ടെ, രാഷ്ട്രത്തിന് ഔപചാരികമായി ഒരു മതം വേണ്ടെന്ന അർഥമേ സെക്യുലറിസത്തിന് കൽപിച്ചിട്ടുള്ളൂ. മാത്രമല്ല, മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ഇന്ത്യയിൽ ഭരണഘടനാദത്തമായ അവകാശവുമാണ്. ഇവിടെ മതം ഒളിവിൽ കഴിയേണ്ട ആശയമല്ല. പൊതു വ്യവഹാരങ്ങളിൽ തലയുയർത്തി നിൽക്കേണ്ടതാണ്.

### വിദ്യാഭ്യാസ ദർശനത്തിന്റെ രാഷ്ട്രീയം

ഒരു രാഷ്ട്രത്തിലെ പൗരസമൂഹത്തിന്റെ ബോധ രൂപീകരണത്തിനുള്ള സുപ്രധാന ഉപാധിയാണ് വിദ്യാഭ്യാസം. പ്രാചീന കാലം തൊട്ടുതന്നെ രാഷ്ട്രം പടുത്തുയർത്തപ്പെട്ട രാഷ്ട്രീയ തത്വശാസ്ത്രം, ആ രാഷ്ട്രത്തിന്റെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ആധാരമായിരുന്നു. വത്തിക്കാന്റെ വിദ്യാഭ്യാസ ദർശനങ്ങളുടെ അടിത്തറ ക്രിസ്തുമതവും ഇസ്രയേലിന്റേത് ജൂതമതവും സുഊദിയുടേത് ഇസ്‌ലാം മതവും റഷ്യയുടേത് മാർക്സിസവുമാണെന്നത് സ്വാഭാവികം. യൂറോപ്പിൽ സെക്യുലറിസം നടപ്പാക്കപ്പെട്ട രാജ്യങ്ങളിൽ പലേടത്തും വിദ്യാഭ്യാസ ദർശനമായി സ്വീകരിക്കപ്പെട്ടത് ദൈവനിരാസത്തെയും മതരഹിത സാമൂഹികതയെയും പ്രതിഷ്ഠിച്ച വിദ്യാഭ്യാസ ദർശനങ്ങളാണ്.

ഇന്ത്യയിൽ പൊതുവിദ്യാഭ്യാസത്തിന്റെ ദർശനം ഇന്ത്യൻ സെക്യുലറിസത്തിൽ ഊന്നിയുള്ളതായിരിക്കണം. ഗാന്ധിയുടെ 'വാർധാ', ടാഗോറിന്റെ 'ശാന്തിനികേതൻ' തുടങ്ങിയവയൊക്കെ വിദ്യാഭ്യാസദർശനത്തിൽ ഇന്ത്യയിൽ നിന്നുള്ള മാതൃകകളാണ്. ഡോ. രാജേന്ദ്രപ്രസാദ്, മഹാത്മാഗാന്ധി തുടങ്ങിയ ദേശീയ നായകന്മാർ രൂപപ്പെടുത്തിയ വിദ്യാഭ്യാസ കാഴ്ചപ്പാടുകളിൽ മൂല്യവിദ്യാഭ്യാസത്തിന്റെ പ്രസ

ക്തി ഊന്നിപ്പറയുന്നതു കാണാം. സ്വതന്ത്ര ഭാരതത്തിൽ പലപ്പോഴായി നിയോഗിക്കപ്പെട്ട വിദ്യാഭ്യാസ പഠന കമീഷനുകൾ നിർദേശിച്ച വിദ്യാഭ്യാസ നയരേഖകളിലെല്ലാം ഇന്ത്യൻ സെക്യുലറിസത്തിന്റെ താൽപര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് പൊതുവായ മത-ധാർമിക മൂല്യങ്ങൾ കരിക്കുലത്തിന്റെ ദർശനമായി സ്വീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്.

പൊതു വിദ്യാലയങ്ങളിൽ, പ്രത്യേകിച്ച് പ്രൈമറി സ്കൂളുകളിൽ നടപ്പാക്കുന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങളിൽ രാജ്യത്തിന്റെ രാഷ്ട്രീയാടിത്തറയായ മതേതര മൂല്യങ്ങൾ അതിന്റെ യഥാർഥ വിവക്ഷയിലായിരിക്കണം ഉൾപ്പെടുത്തേണ്ടത്. ഏഴാം ക്ലാസിലെ വിവാദ സാമൂഹികശാസ്ത്രത്തിന്റെ മൗലികമായ പ്രശ്നം, ഇന്ത്യൻ സെക്യുലറിസത്തെ സംബന്ധിച്ച തെറ്റായ ധാരണ വളർത്തുന്നതാണ വയിലെ പാഠഭാഗങ്ങൾ എന്നതാണ്. മതം ഒരനാവശ്യവും പ്രശ്നവുമാണെന്ന തെറ്റായ പാഠമാണ് അതിന്റെ സാകല്യം. പരിഷ്കൃത സമൂഹത്തിന് അപവാദമാണ് മതമെന്നും പുരോഗമനത്തിന്റെ ലക്ഷണം മതരാഹിത്യമാണെന്നും അതിന്റെ വരികൾക്കിടയിൽ വായിക്കാം. താത്ത്വികമായ തലത്തിൽ നിന്ന് വിമർശനത്തെ വഴിതെറ്റിക്കാനാണ്, ചില മഹദ്ജനങ്ങൾ ഉയർത്തിപ്പിടിച്ച് ഇതിലെവിടെ മതനിരാസം എന്ന് ചിലർ ചോദിക്കുന്നത്!

## ബോധനശാസ്ത്രവും പരിസരവും

കേരളത്തിൽ വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ പേരിൽ നടപ്പിലാക്കുന്ന പഠന ബോധനരീതികളുടെ തെരഞ്ഞെടുപ്പിലും നിക്ഷിപ്ത താൽപര്യങ്ങൾ സ്വാധീനിച്ചിട്ടുണ്ടെന്ന വിമർശം അസ്ഥാനത്തല്ല. ഏതൊരു നാട്ടിലും അവിടത്തെ രാഷ്ട്രീയ ദർശനത്തെയും സാമൂഹികാടിത്തറയെയും പ്രതിഫലിപ്പിക്കുന്ന പഠന ബോധനരീതികളേ സ്വീകരിക്കാവൂ. ബഹുമത സമൂഹമായ ഇന്ത്യയിൽ, ഇന്ത്യൻ മതേതര പാരമ്പര്യത്തെ ഉൾക്കൊള്ളാൻ ശേഷിയുള്ള പഠന ബോധന രീതികളാണു വേണ്ടത്. എന്നാൽ 'ആധുനിക ശാസ്ത്രീയ യുക്തി' മതവർജനമാണെന്ന് പാടിപ്പഠിച്ചുപോയ ചിലർക്ക് ശാസ്ത്രീയ പഠനബോധനരീതി യൂറോപ്പിൽ നിന്ന് കടം കൊണ്ടാലേ തൃപ്തി വരൂ. പൗലോ ഫ്രെയറിന്റെ വിമർശനാത്മക ബോധനരീതി പ്രശ്നവത്കരിക്കപ്പെടുന്നതിവിടെയാണ്.

സവിശേഷമായ സാമൂഹിക - രാഷ്ട്രീയ സാഹചര്യവും അതിനൊത്ത വിദ്യാഭ്യാസ ദർശനവുമുള്ള ലാറ്റിനമേരിക്കയിൽ തയാറാക്കപ്പെട്ടതാണ് പൗലോ ഫ്രെയറിന്റെ വിമർശനാത്മക പഠനരീതി. അത് അതിനനുയോജ്യമായ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളുള്ള ക്യൂബക്ക്, ഒരുപക്ഷേ കൊള്ളാം. തീർത്തും ഭിന്ന സാഹചര്യവും രാഷ്ട്രീയ ദർശനവും പുലരുന്ന ഇന്ത്യക്ക്, കേരളത്തിന് അതിന്റെ സാംഗത്യമെന്താണ്? വിജ്ഞാനത്തെ ഒരു നിർമിതിയും ഉൽപന്നവുമായി അഭിവീക്ഷിക്കുന്ന തികച്ചും ഭൗതികവും യാന്ത്രികവുമായ ദാർശനിക പരിപ്രേക്ഷ്യത്തിലുള്ള വിമർശനാത്മക പഠന രീതി, വിജ്ഞാനത്തിന് ആത്മീയമായ ചില മാനങ്ങൾ കൂടിയുണ്ടെന്ന് ദർശിക്കുന്ന ഭാരതത്തിന്റെ വിദ്യാഭ്യാസ സംസ്കാരവുമായി പൊരുത്തപ്പെടുന്നില്ല. അങ്ങനെ പൊരുത്തപ്പെടുത്താൻ ശ്രമിക്കുന്നവർ, കേരളം റഷ്യയോ ക്യൂബയോ ആയി മാറിയിട്ടുണ്ടെന്ന് തെറ്റിദ്ധരിച്ചവരാണ്!

പൗലോ ഫ്രെയറിന്റെ 'പെഡഗോഗി ഓഫ് ദ ഒപ്രസ്ഡി'ന് ഒരു വിദ്യാഭ്യാസ ദർശനം എന്ന നിലയിലുള്ള പ്രാധാന്യം കുറച്ചു കണ്ടുകൊണ്ടല്ല ഇതു പറയുന്നത്. വിദ്യാഭ്യാസത്തിന്റെ വിമോചനരാഷ്ട്രീയം അവതരിപ്പിക്കുന്നതിൽ അതിനോളം മികച്ച കൃതികൾ കുറവുമാണ്. ജനാധിപത്യ, സ്വതന്ത്ര രാഷ്ട്രങ്ങളിലും മതേതര സമൂഹങ്ങളിലും അതിന് വ്യാപകമായ സ്വീകാര്യതയുള്ളതുമതുകൊണ്ടാണ്. അതേസമയം മുകളിൽ വിശദീകരിച്ച പോലെ ഇന്ത്യയിൽ 'മതേതരത്വം' എന്ന ആശയം ലാറ്റിനമേരിക്കയിലോ യൂറോപ്പിലോ വിവക്ഷിക്കുന്ന അർഥത്തിലുള്ള രാഷ്ട്രീയ സിദ്ധാന്തമല്ലെന്ന് വിലയിരുത്തിക്കൊണ്ടാണ് ഇന്ത്യയിൽ അത് ചർച്ചചെയ്യേണ്ടത്. തന്നെയുമല്ല, അനേകം പഠനപരീക്ഷണങ്ങളിൽ ഒന്നു മാത്രമാണതെന്നതും നാം ഉൾക്കൊള്ളണം. ഇന്ത്യയിൽ തന്നെ സവിശേഷമായ പഠനരീതികൾ വികസിച്ചു വന്നിട്ടുണ്ട്. വിമർശനാത്മക പഠന രീതിയാകട്ടെ, എവിടെയും സമ്പൂർണമായി പരീക്ഷിച്ച് വിജയിച്ച ഒന്നല്ല താനും. (റിച്ച് ക്രിബ്സൺ, പോൾ വി ടെയ്‌ലർ തുടങ്ങിയ വിദ്യാഭ്യാസ ചിന്തകർ പൗലോയുടെ പെഡഗോഗിയെ വിമർശിച്ചിട്ടുള്ളത് ഓർമിക്കുക)

പാഠപുസ്തകങ്ങളും അധ്യാപകരും കോരിക്കൊടുക്കുന്ന അറിവ് അണ്ണാക്കുതൊടാതെ വിഴുങ്ങുന്നതിനു പകരം, പഠിതാവിനെ പഠന പ്രക്രിയയിൽ കൂടുതൽ ഭാഗവാക്കാക്കണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ, അറിവ് കുട്ടികൾ ക്ലാസ്മുറിയിൽ ഉൽപാദിപ്പിക്കുകയും അധ്യാപകനും ടെക്സ്റ്റ് ബുക്കും വഴികാട്ടി മാത്രമായിരിക്കുകയും ചെയ്യുന്ന സ്വപ്നാവസ്ഥയിലേക്ക് എത്താൻ കേരളം പാകപ്പെട്ടിട്ടുണ്ടോ? നമ്മുടെ സമൂഹവും അധ്യാപകരും വിദ്യാർഥികളും അതിനു പാകമായിട്ടുണ്ടോ? രാഷ്ട്രീയവത്കരിക്കപ്പെട്ട വിദ്യാഭ്യാസ മേഖലയും നിലവിലെ വിദ്യാലയങ്ങളുടെ ഭൗതിക സംവിധാനങ്ങളും അതിനു മാത്രം വളർന്നിട്ടുണ്ടോ? ഏഴാം ക്ലാസ്സിലെ ഒരു പാഠഭാഗത്തെ ചുറ്റിപ്പറ്റിയുള്ള തർക്കത്തിൽ നിന്നും ഇത്തരം ചോദ്യങ്ങളിലേക്കു കൂടി വിദ്യാഭ്യാസ വിവാദത്തെ ഉയർത്താൻ നാം തയാറാകേണ്ട സന്ദർഭമാണിത്. ■